ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 24.02.2026

പ്രധാന വാർത്തകൾ

TIME : 07.25 PM

1. സാങ്കേതികവിദ്യയും നിർമ്മിത ബുദ്ധിയും ആരോഗ്യ മേഖലയുടെ വികസനത്തിന് സുപ്രധാനമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. രാഷ്ട്രപതിയുടെ രണ്ട് ദിവസത്തെ മഹാരാഷ്ട്ര സന്ദർശനത്തിന് തുടക്കമായി.
   **President Droupadi Murmu says technology and artificial intelligence are important for the development of the health sector. The President's two-day visit to Maharashtra has begun.**

2. 2047 ഓടെ ഇന്ത്യയെ സ്വയംപര്യാപ്തമാക്കാനുള്ള സേവാ സങ്കൽപ്പ് പ്രമേയം കൈക്കൊണ്ട് കേന്ദ്ര മന്ത്രിസഭ. കേരള സംസ്ഥാനത്തിന്റെ പേര് കേരളം എന്ന് മാറ്റുന്നതിനുള്ള നിർദ്ദേശത്തിന് കേന്ദ്ര മന്ത്രിസഭ അനുമതി.
   **The Union Cabinet took the Seva Sankalp resolution to make India self-sufficient by 2047. Union Cabinet approves proposal for alteration of name of State of Kerala as Keralam.**

3. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ രണ്ട് ദിവസത്തെ ഇസ്രായേൽ സന്ദർശനത്തിന് നാളെ തുടക്കം.
   **Prime Minister Narendra Modi's two-day visit to Israel begins tomorrow.**

4. പതിനഞ്ചാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനം പൂർത്തിയാക്കി സഭ അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു. ബജറ്റ് സമ്മേളനത്തിൽ പാസ്സാക്കിയത് 9 ബില്ലുകൾ.

The 16th session of the 15th Kerala Legislative Assembly has concluded and the House adjourned sine die. 9 bills were passed in the budget session.

5. ഡൽഹി മേഖലയിലെ റോഡുകൾ പൊടിരഹിതവും സുസ്ഥിരവുമാക്കുന്നതിനുള്ള പദ്ധതികൾക്ക് തുടക്കമിട്ട് കേന്ദ്ര പരിസ്ഥിതി മന്ത്രി ഭൂപേന്ദർ യാദവ്.

Union Environment Minister Bhupender Yadav has launched projects to make roads in the Delhi region dust-free and sustainable.

6. കേരളത്തിൽ പി.എസ്.സി നിയമനത്തിന് അപേക്ഷിക്കാനുള്ള പ്രായപരിധി ഉയർത്താൻ സംസ്ഥാന മന്ത്രിസഭാ അംഗീകാരം.

State Cabinet approves raising upper age limit for applying for PSC recruitment in Kerala.

**********************************

## PREZ-MAHARASHTRA VISIT (INTRO)

രണ്ട് ദിവസത്തെ സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപദി മുർമു മുംബൈയിലെത്തി. ഛത്രപതി ശിവജി മഹാരാജ് അന്താരാഷ്ട്ര വിമാനത്താവളത്തിലെത്തിയ രാഷ്ട്രപതിയെ മഹാരാഷ്ട്ര ഗവർണർ ആചാര്യ ദേവ്വ്രത് സ്വീകരിച്ചു. ലോക് ഭവനിൽ പി.ഡി. ഹിന്ദുജ ആശുപത്രി സംഘടിപ്പിച്ച Saving Lives and Building a Healthier Bharat എന്ന ദേശീയതല പ്രചാരണ പരിപാടി രാഷ്ട്രപതി ഉദ്ഘാടനം ചെയ്തു. സാങ്കേതികവിദ്യയും നിർമ്മിത ബുദ്ധിയും മറ്റേത് മേഖലയും പോലെ ആരോഗ്യ മേഖലയിലും സുപ്രധാനമാണെന്ന് രാഷ്ട്രപതി പറഞ്ഞു.

(ഹോൾഡ് വോയിസ്)

സന്ദർശനത്തിന്റെ രണ്ടാം ദിവസമായ നാളെ ബുൽധാന ജില്ലയിലെ ഷെഗാവില് കേന്ദ്ര ആയുഷ് മന്ത്രാലയം സംഘടിപ്പിക്കുന്ന 'ദേശീയ ആരോഗ്യ മേള 2026' രാഷ്ട്രപതി ഉദ്ഘാടനം ചെയ്യും.

**********************************

# CABINET-EARLY (INTRO)

കേരള സംസ്ഥാനത്തിന്റെ പേര് കേരളം എന്ന് മാറ്റുന്നതിനുള്ള നിർദ്ദേശം അംഗീകരിച്ച് കേന്ദ്ര മന്ത്രിസഭ. സേവാ തീർത്ഥിൽ നടന്ന ആദ്യ മന്ത്രിസഭാ യോഗ തീരുമാനങ്ങൾ കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് പത്ര സമ്മേളനത്തിൽ വിശദീകരിച്ചു. കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരത്തിനുശേഷം, രാഷ്ട്രപതി ഇത് സംബന്ധിച്ച ബിൽ, കേരള നിയമസഭയ്ക്ക് അഭിപ്രായങ്ങൾ അറിയിക്കുന്നതിനായി റഫർ ചെയ്യുമെന്ന് അദ്ദേഹം പറഞ്ഞു. കേരള നിയമസഭയുടെ അഭിപ്രായങ്ങൾ ലഭിച്ചതിനുശേഷം, കേന്ദ്ര സർക്കാർ തുടർനടപടികൾ സ്വീകരിക്കുമെന്നും ബിൽ പാർലമെന്റിൽ അവതരിപ്പിക്കുന്നതിന് രാഷ്ട്രപതിയുടെ ശുപാർശ തേടുമെന്നും അദ്ദേഹം പറഞ്ഞു. കേരള സംസ്ഥാനത്തിന്റെ പേര് കേരളം എന്ന് മാറ്റുന്നതിന് 2024 ജൂൺ 24 ന് കേരള നിയമസഭ ഒരു പ്രമേയം പാസാക്കിയതായും അദ്ദേഹം അറിയിച്ചു.

**(ഹോൾഡ് വോയിസ്....)**

മഹാരാഷ്ട്ര, മധ്യപ്രദേശ്, ബീഹാർ, ഝാർഖണ്ഡ് എന്നിവിടങ്ങളിലായി എട്ട് ജില്ലകളെ ഉൾക്കൊള്ളുന്ന മൂന്ന് മൾട്ടിട്രാക്കിംഗ് പദ്ധതികൾക്ക് സാമ്പത്തിക കാര്യ മന്ത്രിസഭാ സമിതി അംഗീകാരം നൽകി. ഇത് ഇന്ത്യൻ റെയിൽവേയുടെ നിലവിലുള്ള ശൃംഖലയെ ഏകദേശം 307 കിലോമീറ്റർ വർദ്ധിപ്പിക്കുമെന്ന് അദ്ദേഹം പറഞ്ഞു. ശ്രീനഗർ അന്താരാഷ്ട്ര വിമാനത്താവളത്തിലെ സിവിൽ എൻക്ലേവിന്റെ വികസനത്തിനും മന്ത്രിസഭ അംഗീകാരം നൽകി. മന്ത്രിസഭാ യോഗത്തിൽ എടുത്ത സേവാ സങ്കൽപ്പ് പ്രമേയത്തിൽ, 2047 ഓടെ ഇന്ത്യയെ സമ്പന്നവും കഴിവുള്ളതും സ്വാശ്രയവുമായ ഒരു രാഷ്ട്രമാക്കാനുള്ള യാത്രയിൽ, ശക്തമായ കേന്ദ്രമായി വർത്തിക്കുമെന്ന് മന്ത്രിസഭ തീരുമാനിച്ചതായി ശ്രീ അശ്വിനി വൈഷ്ണവ് പറഞ്ഞു.

**********************************

## VP - DARJEELING YOUTH FEDERATION

ഡാർജിലിംഗിന്റെ സാംസ്കാരിക നിലവാരം എക്കാലവും വേറിട്ടുനിൽക്കുന്ന ഒന്നാണെന്ന് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ. ന്യൂഡൽഹിയിലെ വസതിയിൽ ഡാർജിലിംഗ് യൂത്ത് ഫെഡറേഷൻ അംഗങ്ങളുമായി സംവദിക്കുകയായിരുന്നു അദ്ദേഹം. രാഷ്ട്രത്തിന് പ്രഥമ സ്ഥാനം നൽകാനുള്ള അചഞ്ചലമായ പ്രതിബദ്ധത ഓരോ പൗരനെയും നയിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

**********************************

## PM ISRAEL

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ രണ്ട് ദിവസത്തെ ഇസ്രായേൽ സന്ദർശനത്തിന് നാളെ തുടക്കം. ഇസ്രായേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹുവുമായി അദ്ദേഹം ടെൽ അവീവിൽ കൂടിക്കാഴ്ച നടത്തും. ഇസ്രയേൽ പ്രസിഡന്റ് ഐസക് ഹെർസോഗുമായും പ്രധാനമന്ത്രി ഉഭയകക്ഷി ചർച്ചകൾ നടത്തും. സന്ദർശനത്തിന്റെ ആദ്യദിനത്തിൽ, ഇസ്രയേൽ പാർലമെന്റ് നെസെറ്റിനെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിസംബോധന ചെയ്യും. ജറുസലേമിൽ വിവിധ പരിപാടികളിൽ പങ്കെടുക്കുന്ന ശ്രീ മോദി രാജ്യത്തെ ഇന്ത്യൻ വംശജരെയും അഭിസംബോധന ചെയ്യും.

**********************************

## ASSEMBLY

പതിനഞ്ചാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനം പൂർത്തിയാക്കി സഭ അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു. ശബരിമല വിഷയത്തിലെ പ്രതിപക്ഷ പ്രതിഷേധത്താൽ സഭ ഇന്നും പ്രക്ഷുബ്ധമായിരുന്നു. ചോദ്യോത്തര വേള ആരംഭിച്ചപ്പോൾ പ്രതിപക്ഷം നിസ്സഹകരണം അറിയിച്ചു. ബജറ്റ് സമ്മേളനത്തിൽ 12 ദിവസമാണ് സഭ ചേർന്നത്. കേരള നേറ്റിവിറ്റി കാർഡ് ബിൽ ഉൾപ്പെടെ 9 ബില്ലുകൾ സഭ പാസ്സാക്കി.

*********************************

## PSC

പി.എസ്.സി നിയമനത്തിന് അപേക്ഷിക്കാനുള്ള പ്രായപരിധി 4 വർഷം കൂടി ഉയർത്താൻ സംസ്ഥാന മന്ത്രിസഭാ അംഗീകാരം. ജനറൽ വിഭാഗത്തിന് നിലവിലുള്ള പ്രായപരിധി 36 എന്നത് 40 ആയി ഉയർത്തി. പ്രായപരിധിയിൽ ഇളവ് ലഭ്യമായ മറ്റ് വിഭാഗക്കാർക്കും തത്തുല്യമായ വർദ്ധന ലഭ്യമാകും.
*********************************

## BHUPENDER YADAV-DUST MOU

ഡൽഹി-എൻസിആർ മേഖലയിലെ റോഡുകൾ പൊടിരഹിതവും സുസ്ഥിരവുമാക്കുന്നതിനുള്ള പദ്ധതികൾക്ക് തുടക്കമിട്ട് കേന്ദ്ര പരിസ്ഥിതി മന്ത്രി ഭൂപേന്ദർ യാദവ്. ഇതിനായി 'സ്റ്റാൻഡേർഡ് ഫ്രെയിംവർക്ക് ആൻഡ് റോഡ് അസറ്റ് മാനേജ്മെന്റ് സിസ്റ്റം' നടപ്പിലാക്കുന്നതിനായുള്ള നാല് ധാരണാപത്രങ്ങൾ അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽ ഒപ്പുവെച്ചു. രാജ്യ തലസ്ഥാന മേഖലയിലെയും പരിസര പ്രദേശങ്ങളിലെയും വായു ഗുണനിലവാര മാനേജ്മെന്റ് കമ്മീഷൻ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായാണ് ഈ പദ്ധതികൾ വിഭാവനം ചെയ്തിരിക്കുന്നത്.
*********************************

## NAVAKERALAM - SURVEY

നവകേരള സർവേ റദ്ദാക്കിയ ഹൈക്കോടതി ഉത്തരവ് സ്റ്റേ ചെയ്ത് സുപ്രിംകോടതി. സംസ്ഥാന സർക്കാർ നടത്തിയ ക്ഷേമ പ്രവർത്തനങ്ങളുടെ ഗുണഫലങ്ങൾ വിലയിരുത്തുന്നതിൽ എന്താണ് അപാകതയെന്ന് ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അധ്യക്ഷനായ ബെഞ്ച് ആരാഞ്ഞു. സർക്കാരിന് വേണ്ടി

മുതിർന്ന അഭിഭാഷകൻ കപിൽ സിബൽ കോടതിയിൽ ഹാജരായി.

*********************************

## REV ECI- ROUND TABLE CONFERENCE (INTRO)

ജനാധിപത്യത്തിന്റെ അടിസ്ഥാനം കൃത്യതയാർന്ന വോട്ടർപട്ടികയാണെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഇന്ന് നടന്ന കേന്ദ്ര-സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർമാരുടെ ദേശീയ വട്ടമേശ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. അർഹരായ എല്ലാ വോട്ടർമാരെയും ഉൾപ്പെടുത്താനും അയോഗ്യരായവരെ ഒഴിവാക്കാനുമുള്ളതാണ് തീവ്ര വോട്ടർ പട്ടിക പരിഷ്കരണമെന്നും അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ് വോയിസ്)

ബിഹാറിൽ വിജയകരമായി പൂർത്തിയാക്കിയ എസ് ഐ ആർ പ്രക്രിയ ഇപ്പോൾ 12 സംസ്ഥാനങ്ങളിൽ പുരോഗമിക്കുകയാണെന്നും ഇതിൽ 11 സംസ്ഥാനങ്ങൾ പുതുക്കിയ വോട്ടർപട്ടിക പ്രസിദ്ധീകരിച്ചതായും അദ്ദേഹം അറിയിച്ചു. കേന്ദ്ര - സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനുകൾ തമ്മിൽ കൂടുതൽ ശക്തമായ ഏകോപനം ആവശ്യമാണെന്ന് അദ്ദേഹം പറഞ്ഞു. 27 വർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് ഇത്തരമൊരു സമ്മേളനം നടക്കുന്നത്.

*********************************

## KERALA - SIR

സംസ്ഥാനത്ത് ഈ വർഷം ജനുവരി ഒന്നിന് 18 വയസ്സ് പൂർത്തിയായി തീവ്ര വോട്ടർ പട്ടിക പരിഷ്കരണ സമയത്ത് പേര് ചേർക്കാൻ സാധിക്കാത്തവർക്ക് പട്ടികയിൽ പേര് ചേർക്കാൻ അവസരം. voters.eci.gov.in എന്ന വെബ്സൈറ്റിലൂടേയോ

ECINET മൊബൈൽ ആപ്പ് വഴിയോ ബന്ധപ്പെട്ട ബൂത്ത് ലെവൽ ഓഫീസർ വഴിയോ അപേക്ഷിക്കാവുന്നതാണ്. തിരഞ്ഞെടുപ്പിനായി നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി വരെയാണ് വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ അവസരമുള്ളത്.

**********************************

## ASSET-MONETISATION

ആസ്തി വിൽപനയിലൂടെ വൻ കുതിപ്പിനൊരുങ്ങി ഇന്ത്യ. നാഷണൽ മോണിറ്റൈസേഷൻ പൈപ്പ്ലൈൻ 2.0 പദ്ധതിയിലൂടെ വരും വർഷങ്ങളിൽ രാജ്യത്തിന്റെ മൊത്ത ആഭ്യന്തര ഉൽപ്പാദനത്തിൽ 40 ലക്ഷം കോടി രൂപയുടെ വർധനവ് ഉണ്ടാകുമെന്ന് നീതി ആയോഗ് റിപ്പോർട്ട്. നിലവിലുള്ള പൊതു ആസ്തികളിൽ നിന്ന് മൂല്യം കണ്ടെത്തി അത് പുതിയ അടിസ്ഥാന സൗകര്യ വികസന പദ്ധതികളിൽ നിക്ഷേപിക്കുന്നതിലൂടെ സാമ്പത്തിക വളർച്ചയ്ക്ക് വലിയ വേഗത കൈവരിക്കാനാകുമെന്ന് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

**********************************

## NIRBHAYA NISHA

സ്ത്രീകൾക്ക് രാത്രികാല സുരക്ഷ ഉറപ്പുവരുത്തുന്ന കേരള പൊലീസിന്റെ 'നിർഭയ നിശ' പദ്ധതിയ്ക്ക് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് തുടക്കം കുറിച്ചു. ഏതൊരു സ്ത്രീക്കും ഒട്ടും ഭയമോ ആശങ്കയോ ഇല്ലാതെ ഏതു ഭാഗത്തും സഞ്ചരിക്കാൻ കഴിയുക എന്നത് ഏറ്റവും പ്രധാനമാണെന്ന് മുഖ്യമന്ത്രി പറഞ്ഞു.

*

*******************

**************************************************